1949, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ സെക്ഷൻ 23 എം ടി എം ലൂടെ ഫണ്ടുകളുടെ മൂന്നാംകക്ഷി കൈമാറ്റം

DBOD നമ്പർ BL.BC 5/22.01.001/2003

2003 ജൂലായ് 23 1925 (ശക) ശ്രാവണി

എല്ലാ ഷെഡ്യൂൾ വാണിജ്യ ബാങ്കുകൾക്കും (RRBകളും LAB കളും ഒഴികെ)

സർ,

1949, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ സെക്ഷൻ 23 മൂന്നാം കക്ഷിയ്ക്ക് എ ടി എം ലൂടെ ഫണ്ട് കൈമാറ്റം

ഇന്റർ അക്കൗണ്ട് ട്രാൻസ്ഫറുകൾ ഒരേ കസ്റ്റമറുകളുടെ ഒരേ സെന്ററിലുള്ളതോ വ്യത്യസ്ത സെന്ററുകളിലുള്ളതോ ആയ അക്കൗണ്ടിലേക്ക് മാത്രം പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ള Automated Teller Machines (ATMs) വഴി നൽകുന്ന പ്രവർത്തനത്തെ സംബന്ധിച്ച് 2002 ജൂലായ് 18 ന് പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലർ നമ്പർ DBOD. BL BC 5/22-01-001 ന്റെ ഖണ്ഡിക 12.3 നോക്കുക

2). ബാങ്കുകളിൽ നിന്നും ലഭിച്ച അഭ്യർത്ഥനകളുടെ അടിസ്ഥാനത്തിൽ ATM വഴി രാജ്യത്തിനകത്ത് ഒരു കസ്റ്റമറുടെ അക്കൗണ്ടിൽ നിന്നും മറ്റൊരു കസ്റ്റമറുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ടുകൾ കൈമാറാനുള്ള സൗകര്യം നൽകാൻ ബാങ്കുകളെ അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്. ATM കൾ വഴി നടക്കുന്ന ഇത്തരം ഇടപാടുകളുടെ അടവിന് ഫലത്തിൽ വരുന്നതിന് ആധാരമാക്കേണ്ട മാനദണ്ഡവും ബന്ധപ്പെട്ട രേഖപ്പെടുത്തലുകളും ബാങ്കും കസ്റ്റമറും തമ്മിൽ ദ്വിപക്ഷീയമായി (bilaterally) തീരുമാനിക്കപ്പെടേണ്ടതും ഓരോ കക്ഷിയുടെയും അവകാശങ്ങളും ബാധ്യതകളും മാനദണ്ഡങ്ങളിൽ വ്യക്തമായി പ്രസ്താവിക്കേണ്ടതും നിയമകോടതിയിൽ സാധുതയുള്ളതും ആയിരിക്കണം. ATMലൂടെ മൂന്നാം കക്ഷി പേയ്മെന്റ് അനുവദിയ്ക്കുമ്പോൾ അവരുടെ ബാധ്യതകൾ നിർവ്വഹിക്കണമെന്നുള്ളത് ഉറപ്പാക്കാനുള്ള യോജ്യമായ നടപടികൾ ബാങ്ക് സ്വീകരിക്കണം

3. ആർ.ബി.ഐ Compendium of Best Practices in a Computerised Environment ലൂടെയും working group on internet banking ന്റെ റിപ്പോർട്ടിൽ നൽകിയിരിക്കുന്ന മാർഗ്ഗ രേഖകളിലൂടെയും സെക്യൂരിറ്റി ആവശ്യകതകൾ യഥാസ്ഥാനങ്ങൾ നിറവേറ്റുന്നതിനെകുറിച്ച് ബാങ്കുകളെ അറിയിച്ചിട്ടുണ്ട്. ബാങ്കുകൾ 1998 ഫെബ്രുവരി 4 ന് പുറപ്പെടുവിച്ച സർക്കുലർ DBS.CO.ITC.BC. 10/31-09.001/97-98 വഴി ഞങ്ങൾ നൽകിയ നിർദേശങ്ങളും നിങ്ങളുടെ കസ്റ്റമറെ അറിയുക എന്ന വിഷയവുമായി ബന്ധപ്പെട്ട വ്യവസ്ഥകളും 2001 ജൂൺ 14 ന്

പുറപ്പെടുവിച്ച സർക്കുലർ DBOD COMP. BC. Np. 130/07-03-23/2000-01ലെ മാർഗ്ഗരേഖകളും പാലിക്കേണ്ടതാണ്.

4. അതുപ്രകാരം ATM  വഴി നൽകുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് 2002, ജൂലൈ 18 ന് പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലർ DBOD BL.BC.5/22-01-001/2002 ലെ ഖണ്ഡിക 12.3 ലെ അനുയോജ്യമായ വാക്യം ബാങ്കിന്റെ ഓരേ കസ്റ്റമറുടെ അല്ലെങ്കിൽ വ്യത്യസ്ഥ കസ്റ്റമറുകളുടെ അക്കൗണ്ടുകളുടെ ഇന്റർ അക്കൗണ്ട് ട്രാൻസ്ഫർ രാജ്യത്തിനകത്ത് ഓരേ കേന്ദ്രത്തിലോ അല്ലെങ്കിൽ വ്യത്യസ്ഥ കേന്ദ്രത്തിലോ ആയി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. എന്ന് ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

വിശ്വസ്തതയോടെ
സി ആർ മുരളീധരൻ
ചീഫ് ജനറൽ മാനേജർ

Endt. DBOD No BL തീയതി 22-01-001/2003

ഇതിന്റെ പകർപ്പ് എല്ലാ റീജിൽ ഓഫീസുകളിലേക്കും വിവരത്തിനും ആവശ്യമായ നടപടിയുക്കുമായി അയക്കുന്നു

(ആർ സി മിത്തൽ) ജനറൽ മാനേജർ